പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 14

# 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ശ്രീ. ആർ. രാജേഷ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

607/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 14

# 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ശ്രീ. ആർ. രാജേഷ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

## സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ ജനസാന്ദ്രതയുള്ള സ്ഥലങ്ങളിലെ കന്നുകാലി വളർത്തൽമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—ജനസാന്ദ്രത അനുദിനം വർദ്ധിച്ചുവരുന്ന പട്ടണപ്രദേശങ്ങളിലെ അശാസ്ത്രീയ കന്നുകാലി വളർത്തൽമൂലം സമീപവാസികൾക്കുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, കൊതുകുജന്യ രോഗങ്ങളും പകർച്ചവ്യാധികളും തടയുന്നതിനുമായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ശക്തിപ്പെടുത്തുന്നതും മറ്റ് ആനുഷംഗികമായ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതും യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിന് 2016-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 446-ാം വകുപ്പിന്റെ ഭേദഗതി.—വകുപ്പ് 446-നുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് '(ബി)' ആയി ചേർത്ത് നിലവിലുള്ളത് 'ഉപവകുപ്പ് (എ)' ആയി പുനരക്ഷരം ചെയ്യേണ്ടതാണ്.

"(ബി) നഗരപ്രദേശങ്ങളിലെ ഗാർഹിക മേഖലയിൽ ചെറുകിട കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾ ശാസ്ത്രീയവും പരിസ്ഥിതി സൗഹാർദ്ദപരവും ബയോഗ്യാസ് പ്ലാന്റ്, വൈദ്യുതോൽപ്പാദനം അടക്കമുള്ള ഊർജ്ജോൽപ്പാദന സൗകര്യങ്ങളോടു കൂടിയതും ആക്കി മാറ്റേണ്ടതാണ്."

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ പട്ടണപ്രദേശങ്ങളിലെ ജനസാന്ദ്രത അനുദിനം വർദ്ധിച്ചു വരുന്നതിനാൽ ഗാർഹിക മാലിന്യ പ്രശ്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സംസ്ഥാന സർക്കാരിനും വലിയ ബാധ്യതയും പ്രതിസന്ധിയും സൃഷ്ടിച്ചിരിക്കുന്നു. ഗാർഹിക സ്ഥലങ്ങളുടെ വ്യാപ്തി കുറയുകയും ഗാർഹിക പരിസരങ്ങളിലെ അശാസ്ത്രീയമായ കന്നുകാലി വളർത്തലുംമൂലം സമീപവാസികൾക്കുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും കൊതുക്-ജലജന്യ രോഗങ്ങളും പകർച്ചവ്യാധികളും ഏറെയാണ്.

ഈ രംഗത്ത് നിയമങ്ങളുടെ പരിമിതിയും ശിക്ഷാനടപടികളുടെ ഗൗരവമില്ലായ്മയും നിലനിൽക്കുന്നുണ്ട്. ആയതിനാൽ, നഗരപ്രദേശങ്ങളിലെ ഗാർഹിക മേഖലയിലുള്ള കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾ ചെറുതെങ്കിലും തീർത്തും ശാസ്ത്രീയമായും പരിസ്ഥിതി സൗഹാർദ്ദപരമായും, ബയോഗ്യാസ് പ്ലാന്റ്, വൈദ്യുതോൽപ്പാദന സൗകര്യങ്ങളോടു കൂടിയതുമാക്കി ആധുനികവൽക്കരിക്കേണ്ടത് ആവശ്യമായിവരുന്നു. ഇത് നഗരപ്രദേശങ്ങളിലെ ഗാർഹിക കന്നുകാലി വളർത്തൽ കൂടുതൽ ലാഭകരമാക്കുന്നതിനും സഹായകരമാകും. ആയതിലേക്കാവശ്യമായ ഭേദഗതി മൂലനിയമത്തിൽ വരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഭേദഗതി നടപ്പിൽവരുത്തുന്നതിന് സഞ്ചിതനിധിയിൽനിന്ന് യാതൊരുവിധ അധിക ചെലവും ഉണ്ടാകുന്നതല്ല.

ആർ. രാജേഷ്, എം. എൽ. എ.